ജന്മഭൂമി

19 October 2019

# ഇന്ത്യൻ മത്സ്യമേഖലയെ അടുത്തറിഞ്ഞ് വിദേശസംഘം

കൊച്ചി: ഇന്ത്യൻ മത്സ്യമേഖലയെ കുറിച്ചറിയാനായെത്തിയ വിദേശസംഘത്തിന് മുനമ്പം തുറമുഖത്തെ പുലർകാല കാഴ്ചകൾ കൗതുകമായി. ഇന്ത്യയിലെ സമുദ്രമത്സ്യമേഖലയെ കുറിച്ചും മത്സ്യകൃഷിരീതികളെ കുറിച്ചും മനസ്സിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) എത്തിയ വിദേശസംഘമാണ് കടലിൽ നിന്ന് പിടിക്കുന്ന വിവിധ മത്സ്യയിനങ്ങളെയും അവയുടെ വിപണനരീതികളെക്കുറിച്ച് അമറിയാൻ തുറമുഖത്തെത്തി. ആഫ്രിക്കൻ-ഏഷ്യൻ മേഖലകളിലെ 10 രാജ്യങ്ങളിലെ ഫിഷറീസ് ഉദ്യോഗസ്ഥർക്കായി സിഎംഎഫ്ആർഐ നടത്തുന്ന 15 ദിവസത്തെ രാജ്യാന്തര ശിൽപശാലയുടെ ഭാഗമായായിരുന്നു തുറമുഖ സന്ദർശനം.

കടലിൽ നിന്നുള്ള മത്സ്യലഭ്യതയുടെ കണക്കെടുക്കുന്ന സിഎംഎഫ്ആർഐയുടെ സാംപ്ലിങ് രീതിയും വിദേശപ്രതിനിധികൾ നേരിട്ട് മനസ്സിലാക്കി. മത്സ്യബന്ധനരീതികൾ തൊട്ട് പിടിക്കുന്ന മീനുകളുടെ വിവരങ്ങളും അവയുടെ വിപണനരീതികൾ വരെയുള്ള കാര്യങ്ങൾ സിഎംഎഫ്ആർഐയിലെ ഗവേഷക സംഘവും മത്സ്യത്തൊഴിലാളികളും വിദേശസംഘത്തിന് വിവരിച്ചുകൊടുത്തു.

മത്സ്യബന്ധനരീതികൾ, സമുദ്രമത്സ്യ പരിപാലനം, ഉത്തരവാദിത്വ പൂർണ മത്സ്യബന്ധനം, സമുദ്രപരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, സമുദ്രമത്സ്യ കൃഷി തുടങ്ങിയ മേഖലകളിലാണ് സിഎംഎഫ്ആർഐ വിദേശപ്രതിനിധികൾക്ക് പരിശീലനം നൽകുന്നത്. വിഴിഞ്ഞം, തമിഴ്നാട്ടിലെ മണ്ഡപം എന്നിവിടങ്ങളിലുള്ള സിഎംഎഫ്ആർഐയുടെ ഗവേഷണ കേന്ദ്രങ്ങളിലും വിദേശസംഘം സന്ദർശനം നടത്തും.